# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 279 12/12/2014-ൽ മറുപടിയ്ക്ക്

## വീട്ടുകൃഷിക്ക് പ്രോത്സാഹനം

ചോദ്യം

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, പി.സി .ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

മറുപടി

ശ്രീ. കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് വീട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

എ) വീട്ടു വളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

2011-12-ൽ ഭക്ഷ്യ സുരക്ഷ പദ്ധതി അനുസരിച്ച് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 75000 പേർക്ക് പച്ചക്കറി വിത്തും, വളവും, പണി ആയുധവും അടങ്ങുന്ന 200/- രൂപ വില വരുന്ന കിറ്റുകൾ കൃഷിക്കായി നൽകിയിട്ടുണ്ട്. കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതി അനുസരിച്ച് വീട്ടു വളപ്പിലെ പച്ചക്കറി കൃഷിക്കായി 10 രൂപ വിലവരുന്ന 2 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും നൽകിയിട്ടുണ്ട്.

2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

1. വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന് സ്കൂൾ വിദ്യാർത്ഥികൾ മുഖേന പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നൽകി വരുന്നു.
2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നല്കിവരുന്നു.

3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000/- രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ വീതം 500/- രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിയ്ക്കായി നല്കിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ വാങ്ങാനും സഹായം നൽകുന്നുണ്ട്.

വീട്ടുവളപ്പുകളിൽ മാവിൻ തൈ നട്ട് അവയുടെ വിസ്തൃതി വ്യാപനം, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വീട്ടിൽ ഒരു മാവ് എന്ന പദ്ധതിയും, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയും, വീട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2011-12 മുതൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടത്തിവരുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 12350 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

ഇതിനുപുറമേ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൗൺസിൽ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറികൃഷി എളുപ്പമാകും വിധം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവരോഗ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെ നിന്നും വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

ബി) വീട്ടു കൃഷിയിലൂടെ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ 2012-13-ൽ 10331.96 ഹെക്ടർ സ്ഥലത്തും 2013-14-ൽ 10238.3 ഹെക്ടർ സ്ഥലത്തും വീട്ടു വിളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2014-15-ലെ വീട്ടു വളപ്പിലെ പച്ചക്കറി കൃഷിയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഒരു വീട്ടിൽ ഒരു മാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 487.5433 ഹെക്ടർ, 472.23 ഹെക്ടർ, 481.86 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 750 ഹെക്ടറിൽ മാവ് കൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം 450 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

സി) വീട്ടുകൃഷിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സി) സമഗ്ര പച്ചക്കറി കൃഷി വികസന പ്രകാരം നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2,000/- രൂപ വിലവരുന്ന 25 ഗ്രോബാഗുകൾ വീതം 500/- രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ വാങ്ങാനും സഹായം നൽകുന്നുണ്ട്.

നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 18000 ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിതരണം ചെയ്യുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും തൈകളും മട്ടുപ്പാവ് കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**